1999-2000 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നത്.

(ബി) ഇല്ല.

(സി) 29-2-2000 വരെ 12/1998 മുതൽ 12/1999 വരെയുള്ള 13 മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയായിട്ടുണ്ട്. ഇത് കൊടുത്തു തീർക്കുവാൻ ഏകദേശം 37 കോടി രൂപ വേണ്ടി വരും.

(ഡി&ഇ) ഉണ്ട്. 12/1998 മുതൽ 10/1999 വരെ 11 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിന് 37 കോടി രൂപ റീലിസ് ചെയ്തു കിട്ടുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും 12/1998 മുതൽ 4/1999 വരെയുള്ള കുടിശ്ശികക്കു വേണ്ട 16.80 കോടി രൂപ അനുവദിച്ചത് ഉടൻ വിതരണം ചെയ്യുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

56 (2634) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

29-2-2000 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് എത്ര രൂപ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

34.50 കോടി രൂപ

പീടിക തൊഴിലാളി ക്ഷേമനിധി

57 (2635) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാര സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന പീടിക തൊഴിലാളികൾക്ക് പെൻഷനും ക്ഷേമനിധിയും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനുവേണ്ടി തയ്യാറാക്കിയ കരട് ബില്ല് നിയമ വകുപ്പ് പരിശോധിച്ചുവരുകയാണ്.

ബാർബർ തൊഴിലാളി ക്ഷേമനിധി

58 (2636) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർബർ തൊഴിലാളി ക്ഷേമനിധിയുടെ കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly